**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1862** **19-01-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം കെ.എസ്.ആർ.ടി. സി ഡിപ്പോയിലെ മോഡേൺ ബസ് ടെർമിനൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | കോതമംഗലം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ മോഡേൺ ബസ് ടെർമിനൽ നിർമ്മിക്കുന്നതിനായി 2018-19 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും 1.875 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? വിശദമാക്കാമോ; | (എ) | ഉണ്ട്. കോതമംഗലം എം.എൽ.എ ശ്രീ. ആന്റണി ജോണിന്റെ 2018-19 വർഷത്തെ നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കോതമംഗലം ഡിപ്പോയിൽ മോഡേൺ ബസ് ടെർമിനൽ നിർമ്മിക്കുന്ന പ്രവൃത്തിയ്ക്കായി ആർ.ഡി.3-792/2019 തീയതി: 30/12/2019 പ്രകാരം 1.875 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. PWD മുഖേന പണി ചെയ്യുന്നതിന് കെ.എസ്.ആർ.ടി.സി NOC യും നൽകിയിട്ടുണ്ട്. |
| (ബി) | ഭരണാനുമതി ലഭ്യമായതിന്ശേഷം ബസ് ടെർമിനൽ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർ നടപടി വിശദമാക്കാമോ; | (ബി) | ബസ് ടെർമിനൽ നിർമ്മാണത്തിന് നിർവഹണ ഏജൻസി ആയി പൊതുമരാമത്ത് വകുപ്പിനെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (സി) | നിലവിലെ ബസ് ടെർമിനലിലെ പഴയ കെട്ടിടം പൊളിക്കുന്നത് സംബന്ധിച്ച് പി.ഡബ്ല്യു.ഡി വാല്യുവേഷൻ റിപ്പോർട്ട് തയ്യാറാക്കി നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ; | (സി) | പഴയ കെട്ടിടം പൊളിച്ച് മാറ്റുന്നതിനായി സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ലേലം ചെയ്ത് തുക കെ.എസ്.ആർ.ടി.സി.യുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാണ് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. ടി വകുപ്പിൽ നിന്നും തുടർ നടപടികൾ സ്വീകരിച്ചതായി അറിയിപ്പ് ഒന്നും ലഭിച്ചിട്ടില്ല. |
| (ഡി) | പുതിയ ബസ് ടെർമിനൽ നിർമ്മാണവുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി -യുടെ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് കെ.എസ്.ആർ.ടി.സി തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ടോ; തുക ട്രാൻസ്ഫർ ചെയ്യുന്ന നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ഡി) | ഇല്ല. തുക റിലീസ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ഇ) | പ്രസ്തുത ബസ് ടെർമിനൽ നിർമ്മാണവുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ വേഗത്തിലാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ബസ് ടെർമിനൽ നിർമ്മാണത്തിന് നിർവഹണ ഏജൻസി ആയി പൊതുമരാമത്ത് വകുപ്പിനെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ബസ് ടെർമിനൽ നിർമ്മാണത്തിന്റെ നിർവഹണ ഏജൻസി പൊതുമരാമത്ത് വകുപ്പ് ആകയാൽ ടെണ്ടർ നടപടികൾ ടി വകുപ്പ് ആണ് സ്വീകരിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ